File No.FWLD-F1/202/2019-FWLD

14218
19/8/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം - പാലക്കാട് ഡിവിഷന് കീഴിലുള്ള വാളയാർ റേഞ്ചിലെ റിസർവ്വ് ഫോറസ്റ്റ് വാച്ചർ ശ്രീ. കെ. നാരായണൻകുട്ടിയുടെ അമ്മയുടെ ചികിത്സക്കായി പലിശരഹിത ചികിത്സാവായ്പ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Rt)No.319/2019/F&WLD തീയതി,തിരുവനന്തപുരം, 08/08/2019

പരാമർശം:- 1 18/02/1997-ലെ സ.ഉ (പി). 45/97/H&FWD

2 02/11/2000 -ലെ സ.ഉ (പി).285/2000/H&FWD

3 20/11/2001 -ലെ സ.ഉ (പി). 298/2001/H&FWD

4 ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ 01.07.2019-ലെ KFDHQ/3875/2019- ADMIN/H2 നമ്പർ കത്ത്.

ഉത്തരവ്

ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ പരാമർശം (4)ലെ കത്തിലെ ശുപാർശ പരിഗണിച്ച്, വനം വകുപ്പിൽ പാലക്കാട് ഡിവിഷന് കീഴിലുള്ള വാളയാർ റേഞ്ചിലെ റിസർവ് ഫോറസ്റ്റ് വാച്ചർ ആയ ശ്രീ.കെ.നാരായണൻകുട്ടിയുടെ (ജനന തീയതി 24/04/1985) (പെൻ നം. 652664) മാതാവിന് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ Carcinoma Stomach ചികിൽസയ്ക്കായി 4,50,000/- രൂപ (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പരാമർശം ഒന്ന് മുതൽ മൂന്ന് വരെയുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി പലിശരഹിത ചികിത്സാവായ്പ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02) എന്ന ശീർഷകത്തിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

2. ഇപ്രകാരം അനുവദിച്ച 4,50,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ്പ, ശ്രീ.കെ.നാരായണൻകുട്ടി സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ്പ ധനവകുപ്പിന്റെ അനുമതിയോടെ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച്

പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേൽ തുക അനുവദിച്ചു നൽകുന്നതിന് മുൻപ് ശ്രീ.കെ.നാരായണൻകുട്ടിയുടെ മാതാവ് ഒരു സർവീസ് പെൻഷണർ അല്ലെന്ന് ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

S PRAVEEN

JOINT SECRETARY

പകർപ്പ്

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഭരണം) ,തിരുവനന്തപുരം

([illegible])

ശ്രീ. കെ. നാരായണൻകുട്ടി (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ജില്ല ട്രഷറി, പാലക്കാട്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (1311/G2/2019/H&FWD dated 26.07.2019)

ധനകാര്യ വകുപ്പ്(1263070/L3/444/2019-FIN dated 03/08/2019)

വെബ് & ന്യൂ മീഡിയ

വനം വന്യജീവി (പി.എസ്) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SAJEEVAN M K
Date: 2019.08.08 17:02:08 IST
Reason: Approved

സെക്ഷൻ ഓഫീസർ